പതിമൂന്നാം കേരള നിയമസഭ
എഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 223

04.02.2013-ൽ മറുപടിക്ക്.

# കമ്മ്യൂണിറ്റി പോലീസിങ്ങ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. നാണു<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. മാത്യു റ്റി തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം കമ്മ്യൂണിറ്റി പോലീസിങ്ങിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | : (എ) ഉണ്ട് ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മ്യൂണിറ്റി പോലീസിങ്ങിനായി 2011-12 സാമ്പത്തിക വർഷം 75 ലക്ഷം രൂപയും 2012-13 സാമ്പത്തിക വർഷം 200 ലക്ഷം രൂപയും പ്ലാൻ പദ്ധതിയിലൂടെ ലഭിച്ചിട്ടുണ്ട്. ആദ്യ മൂന്ന് ഘട്ടങ്ങളിലായി 148 പോലീസ് സ്റ്റേഷനുകളിൽ നടപ്പിൽ വരുത്തിയ ഈ പദ്ധതി, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, 100 സ്റ്റേഷനുകളിൽക്കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിൽ 50 എണ്ണം ട്രൈബൽ ഏരിയകളിലെ പോലീസ് സ്റ്റേഷനുകളാണ്. കമ്മ്യൂണിറ്റി പോലീസിങ്ങ് നടപ്പിൽ വരുത്തിയ പോലീസ് സ്റ്റേഷനുകളിൽ കുറ്റകൃത്യങ്ങൾ തടയുന്നതിന് പദ്ധതി എത്രത്തോളം സഹായകമായി എന്നത് സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം സ്റ്റേഷൻ അതിർത്തിയിലാണ്, കമ്മ്യൂണിറ്റി പോലീസിങ്ങ് നിലവിലുള്ളത്; | : (ബി) നാലുഘട്ടങ്ങളിലായി 248 പോലീസ് സ്റ്റേഷനുകളിൽ കമ്മ്യൂണിറ്റി പോലീസിങ്ങ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

(മറുപുറം)

| | |
|---|---|
| (സി) സ്റ്റേഷൻ ഡ്യൂട്ടിയിലുള്ള പോലീസുകാരെ, ബീറ്റ് ഓഫീസറൻമാരാക്കി കൊണ്ട്, കമ്മ്യൂണിറ്റി പോലീസിങ്ങ് ഫലപ്രദമാക്കാൻ കഴിയുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഇക്കാര്യത്തിനുമാത്രമായി കൂടുതൽ സേനാംഗങ്ങളെ സ്റ്റേഷൻ അതിർത്തി-ക്കുള്ളിൽ വിന്യസിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | : (ഡി) ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്